വകുപ്പദ്ധ്യക്ഷൻമാർക്കും ഇന്റർനെറ്റ് സൗകര്യം ലഭ്യമാവുന്നതാണ്. സംസ്ഥാനത്ത് പഞ്ചായത്ത് തലത്തിൽ ഇന്റർനെറ്റ് കിയോസ്കുകൾ സ്ഥാപിച്ച് ഈ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടിയും പരിഗണനയിലാണ്. ഇതിനുവേണ്ടി ടെലികമ്മ്യൂണിക്കേഷൻ വകുപ്പിന്റെ അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിന് മുഖ്യമന്ത്രി തലത്തിൽ കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി & സി) ഓൺലൈൻ പഠനസൗകര്യമൊരുക്കുന്നതിന് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് ലഭ്യമാക്കേണ്ടതും, പാഠ്യ വിഷയങ്ങൾ ഇതിനുതകും വിധം തയ്യാറാക്കേണ്ടതുമുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള എസ്. ഐ. ഇ. റ്റി (S.I.E.T) ഇതിനാവശ്യമായ പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

കയറ്റുമതി ലക്ഷ്യമായുള്ള സോഫ്റ്റ് വെയർ യൂണിറ്റുകൾ

24(*613) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയറ്റുമതി ലക്ഷ്യമാക്കിയിട്ടുള്ള സോഫ്റ്റ്വെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത യൂണിറ്റുകൾ എവിടെയൊക്കെയാണ് ആരംഭിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) സോഫ്റ്റ്വെയർ രംഗത്തെ കമ്പനികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രത്തിലും മുനിസിപ്പൽ ടൗണുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സോഫ്റ്റ് വെയർ ടെക്നോളജി പാർക്കുകൾ സ്ഥാപിക്കുന്ന നടപടി ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ ;

(ഇ) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് എവിടെയൊക്കെയാണ് സോഫ്റ്റ്വെയർ ടെക്നോളജി പാർക്കുകൾ ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) സംസ്ഥാനത്ത് കയറ്റുമതി ലക്ഷ്യമാക്കിയിട്ടുള്ള സോഫ്റ്റ്വെയർ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ എല്ലാവിധ പ്രോത്സാഹനങ്ങളും നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വിവരവിനിമയ സൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കുന്നുണ്ട്. കൂടാതെ ഇത്തരം കമ്പനികൾക്ക് ഒട്ടേറെ ആനുകൂല്യങ്ങളും ഇളവുകളും ഐ. റ്റി. നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം ടെക്നോപാർക്കിലും, എസ്. റ്റി. പി. ഐ. യുടെ കീഴിൽ കൊച്ചി, കോഴിക്കോട്, പാലക്കാട്, തൃശൂർ ജില്ലകളിലും സോഫ്റ്റ്വെയർ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഇൻഫർമേഷൻ ടെക്നോളജി രംഗത്ത് പ്രവർത്തിക്കുന്ന വ്യവസായങ്ങളെ പ്രത്യേകമായി പരിഗണിച്ച് ചെറുകിട വ്യവസായങ്ങൾക്ക് നൽകി വരുന്ന എല്ലാ സഹായങ്ങളും നൽകിവരുന്നു. സ്ഥിര നിക്ഷേപത്തിന്റെ 20% പരമാവധി 25 ലക്ഷം രൂപം വരെയുള്ള മൂലധനനിക്ഷേപ സബ്സിഡി നൽകിവരുന്നു. കാപ്റ്റീവ് ജനറേറ്റർ സെറ്റിന് നിക്ഷേപത്തിന്റെ 50% പരമാവധി 10 ലക്ഷം രൂപ നിക്ഷേപ സബ്സിഡി നൽകിവരുന്നുണ്ട്. നിലവിലുള്ള വ്യവസായങ്ങളുടെ വൈവിധ്യവൽക്കരണത്തിനും, വികസനത്തിനും, ആധുനികവൽക്കരണത്തിനും അതിനുവേണ്ട സ്ഥിരനിക്ഷേപത്തിന്റെ 20%, അല്ലെങ്കിൽ പരമാവധി 25 ലക്ഷം രൂപ നിക്ഷേപ സബ്സിഡി നൽകുന്നു. ഇതിനുപുറമെ വിവരസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഒരു സ്കയർ മീറ്ററിന് 5000 രൂപ എന്ന തോതിൽ അതിനർഹമായ സബ്സിഡി നൽകുന്നു. എസ്.റ്റി.പി.ഐ.-ക്ക് കീഴിൽ രജിസ്റ്റർ ചെയ്യുന്ന കമ്പനികൾക്ക് ഇറക്കുമതി തീരുവയിൽ പൂർണ്ണമായ ഇളവ്, ആഭ്യന്തര വിപണിയിൽ നിന്നും വാങ്ങുന്ന ഉപകരണങ്ങൾക്ക് കേന്ദ്ര എക്സൈസ് നികുതിയിൽ പൂർണ്ണമായി ഇളവ് എന്നിവ അനുവദിക്കുന്നുണ്ട്. കൂടാതെ, ആഭ്യന്തര വിപണിയിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുമ്പോൾ വിൽപ്പനനികുതി തിരികെ നൽകുന്നതും ലോൺ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ ഇറക്കുമതി ചെയ്യാൻ സാധിക്കുന്നതുമായിരിക്കും. കുറഞ്ഞ നിരക്കിൽ ഹൈസ്പീഡ് ഡാറ്റാകമ്മ്യൂണിക്കേഷൻ സൗകര്യം ലഭിക്കുന്നതുമാണ്.

(ഡി) കൊച്ചിയിലുള്ള സോഫ്റ്റ്വെയർ പാർക്ക് ആരംഭിച്ചത് 14-9-1998-ൽ ആണ്. കൊച്ചി പാർക്കിലുള്ള മുഴുവൻ സ്ഥലവും കമ്പനികൾക്ക് നൽകിക്കഴിഞ്ഞു. 9 കമ്പനികൾ ഇവിടെ പ്രവർത്തിക്കുന്നു. കൂടാതെ, 23 കമ്പനികൾ പാർക്കിനുപുറത്ത് പ്രവർത്തിക്കുന്നുണ്ട്. നാളിതുവരെ 3 കോടി രൂപയുടെ സോഫ്റ്റ്വെയർ കയറ്റുമതി കൊച്ചിയിൽ നിന്ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോഴിക്കോട്ടുള്ള സോഫ്റ്റ്വെയർ പാർക്ക് 24-1-1999-ൽ പ്രവർത്തനമാരംഭിച്ചു. പാർക്കിനകത്ത് 3 കമ്പനികൾ ഇപ്പോൾ പ്രവർത്തിക്കുന്നു. കൂടാതെ, പാർക്കിന് പുറത്ത് 5 കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1998-1999 സാമ്പത്തിക വർഷത്തിൽ 23 ലക്ഷം രൂപയ്ക്കുള്ള സോഫ്റ്റ്വെയർ കയറ്റുമതി കോഴിക്കോടു നിന്ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പാലക്കാട്ടുള്ള സോഫ്റ്റ്വെയർ പാർക്ക് ആരംഭിച്ചു കഴിഞ്ഞു. ഇവിടെ 9 കമ്പനികൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. തൃശൂരിൽ സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യയുടെ ഓഫീസ് പ്രവർത്തനം മുൻസിപ്പൽ കെട്ടിടത്തിൽ ആരംഭിച്ചു കഴിഞ്ഞു. ഇവിടേക്ക് തിരുവനന്തപുരത്ത് നിന്ന് ഹൈസ്പീഡ് ഡാറ്റാ കമ്മ്യൂണിക്കേഷൻ സൗകര്യം കമ്മീഷൻ ചെയ്തിട്ടുണ്ട്. സോഫ്റ്റ്വെയർ കെട്ടിടത്തിന്റെ പണി ഉടൻതന്നെ ആരംഭിക്കുന്നതാണ്. ഇതിനകം 3 യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ, 7 കമ്പനികൾ രജിസ്ട്രേഷനുവേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൊല്ലം, കോട്ടയം, തിരുവല്ല ടെക്നോളജി പാർക്കുകളുടെ പണി പുരോഗമിക്കുന്നു. ഒരു മാസത്തിനകം പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly